**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3888** **15-07-2022 - ൽ മറുപടിയ്ക്ക്**

**ദേവികുളം മണ്ഡലത്തിൽ ആരോഗ്യ മേഖലയിലെ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | എം.എൽ.എ.മാരുടെ ആസ്തി വികസനഫണ്ടിൽ നിന്നും 2021-22 വർഷത്തിൽ മാറ്റി വെച്ച നാല് കോടി രൂപ ചെലവഴിച്ച് എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളത്; | (എ) | 26/07/2021 ലെ സ.ഉ(ആർ.റ്റി) നം.1555/2021/ ആ.കു.വ, ഉത്തരവ് പ്രകാരം എം.എൽ.എ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് 140 നിയോജകമണ്ഡലങ്ങളിലും 10 കിടക്കകൾ വീതമുള്ള ഓരോ ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തികൾ പുരോഗമിക്കുന്നു. പ്രസ്തുത നിർമ്മാണത്തിനുള്ള തുക എം.എൽ.എ ആസ്തി വികസനഫണ്ടിൽ നിന്നും കിഫ്ബി ഫണ്ടിൽ നിന്നും സംയുക്തമായാണ് ചിലവഴിക്കുന്നത് ( 50% എം.എൽ.എ ഫണ്ടും 50% കിഫ്ബി ഫണ്ടും) .<br><br>ഇടുക്കി ജില്ലയിൽ ദേവികുളം മണ്ഡലത്തിൽ സി.എച്ച്.സി ചിത്തിരപുരം ആണ് ഐസൊലേഷൻ വാർഡ് നിർമ്മാണത്തിന് തിരഞ്ഞെടുത്തിരിക്കുന്നത്. പ്രസ്തുത സ്ഥാപനത്തിലെ പദ്ധതി പ്രദേശം പ്രോജക്റ്റിന്റെ SPV (Special Purpose Vehicle) ആയി പ്രവർത്തിക്കുന്ന കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് പദ്ധതി പ്രദേശം നിർമ്മാണ പ്രവർത്തികൾ കൈമാറിയിട്ടുണ്ട്. |
| (ബി) | ആശുപത്രിയുടെ പേര്, വികസന പ്രവൃത്തി, ചെലവഴിച്ച തുക, പ്രവൃത്തി ഏത് ഘട്ടത്തിലാണ് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ? | (ബി) | ചിത്തിരപുരം സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ ഐസൊലേഷൻ വാർഡു നിർമ്മിക്കുന്നതിന് കരാറുകാരനായ M/s. തൃശ്ശൂർ ഡിസ്ട്രിക്റ്റ് ലേബർ കോൺട്രാക്റ്റ് കോപ്പറേറ്റീവ് സൊസൈറ്റി -ക്ക് നൽകിയ പ്രവൃത്തി ഉത്തരവ് തുകയായ 1,31,65,248/- രൂപ (ഒരു കോടി മുപ്പത്തിയൊന്നു ലക്ഷത്തി അറുപത്തയ്യായിരത്തി ഇരുന്നൂറ്റി നാൽപത്തെട്ടു രൂപ) യുടെ 35% തുകയായ 46,07,836/- (നാല്പത്തിയാറു ലക്ഷത്തി ഏഴായിരത്തി എണ്ണൂറ്റി മുപ്പത്തിയാറു രൂപ) മൊബിലൈസേഷൻ അഡ്വാൻസ് ആയി കിഫ്ബി മുഖേന M/s. തൃശ്ശൂർ ഡിസ്ട്രിക്റ്റ് ലേബർ കോൺട്രാക്റ്റ് കോപ്പറേറ്റീവ് സൊസൈറ്റി- ക്ക് നൽകി. |

| | | | |
|---|---|---|---|
| | | | നിർദ്ദിഷ്ട സ്ഥലത്ത് ഐസൊലേഷൻ വാർഡ് നിർമ്മാണത്തിന് സജ്ജമാക്കുന്ന പ്രാരംഭ പ്രവർത്തനങ്ങൾ ഇതിന്റെ കരാറുകാരായ M/s. തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി നടത്തി വരുന്നു |

സെക്ഷൻ ഓഫീസർ